# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 155*</u> <u>07-03.2018 – ൽ മറുപടിയ്ക്ക്</u>

## <u>സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>" ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. രാജൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ജില്ലാ ഉപഭോക്തൃ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉപഭോക്തൃ കമ്മീഷനിൽ കേസുകൾ കെട്ടിക്കിടപ്പുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഉപഭോക്തൃ കമ്മീഷനിൽ 2018 ജനുവരി വരെ 2817 കേസുകൾ തീർപ്പാക്കാനുണ്ട്. ക്യാമ്പ് സിറ്റിംഗുകൾ നടത്തി കേസുകൾ പെട്ടെന്ന് തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ജില്ലാ ഉപഭോക്തൃ ഫോറങ്ങൾ എന്നിവിടങ്ങളിൽ അംഗങ്ങളുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമെന്ന് അറിയിക്കുമോ; | (സി) സംസ്ഥാന ഉപഭോക്തൃ കമ്മീഷനിൽ 2 അംഗങ്ങളുടേയും കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലാ ഉപഭോക്തൃ ഫോറങ്ങളിൽ ഓരോ അംഗങ്ങളുടേയും ഒഴിവുണ്ട്. |
| (ഡി) ഉപഭോക്തൃ കമ്മീഷനുകളിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ; | (ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ഇ) 2018-ൽ ഏതെല്ലാം ജില്ലകളിൽ അംഗങ്ങളുടെ ഒഴിവുകൾ ഉണ്ടാകുമെന്നും അവ എത്രയെന്നും അറിയിക്കുമോ? | (ഇ) 2018-ൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, എന്നീ ജില്ലാ ഫോറങ്ങളിൽ 2 വീതം അംഗങ്ങളുടേയും, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് ജില്ലാ ഫോറങ്ങളിൽ ഓരോ അംഗങ്ങളുടേയും ഒഴിവ് ഉണ്ടാകും. |

സെക്ഷൻ ഓഫീസർ